(ഡി) തൊഴിൽ വകുപ്പിൽ 14 ജില്ലാ ലേബർ ആഫീസുകൾ, 3 റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ആഫീസുകൾ, മുഖ്യ പ്ലാന്റേഷൻ ഇൻസ്പെക്ടർ ആഫീസ്, ലേബർ കമ്മീഷണർ ആഫീസ് എന്നിവിടങ്ങളിലാണ് കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുള്ളത്. ഇവയെല്ലാം തന്നെ പ്രവർത്തനക്ഷമമാണ്.

(ഇ) സ്റ്റോർ പർച്ചേസ് നിയമങ്ങൾക്കു വിധേയമായി സർക്കാർ അനുമതിയോടുകൂടി തുറന്ന ദർഘാസുകൾ തുടങ്ങിച്ചാണ് തൊഴിൽ വകുപ്പിൽ കമ്പ്യൂട്ടറുകൾ വാങ്ങിയത്. സാങ്കേതിക ഉപദേശം നൽകുന്നത് കെൽട്രോൺ ആണ്.

(എഫ്) കമ്പ്യൂട്ടറുകൾ ഉണ്ടായിട്ടും അവ പ്രവർത്തനക്ഷമമാകാത്തതു കാരണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അധികമായി തിരക്ക് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചടയമംഗലം മണ്ഡലത്തിലെ ഇളമാട്ടിൽ ഐ. റ്റി. ഐ.

31 [1350] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഐ.റ്റി.ഐ.കൾ നിലവിലുണ്ട്; അവ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ബി) ഐ. റ്റി. ഐ. കളിൽ നിലവിലുള്ള കോഴ്സുകൾ മാറിയ സാഹചര്യത്തിനും സാങ്കേതികത്വത്തിനും അനുസരിച്ച് പുനഃസംവിധാനം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) ചടയമംഗലം നിയോജകമണ്ഡലത്തിൽ ഇളമാട് പഞ്ചായത്തിൽ പുതിയ ഐ.റ്റി.ഐ. തുടങ്ങണമെന്നുള്ള ബഹുജനാഭിപ്രായത്തിന്റെയും, ആവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്തും, കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക എം.എൽ.എ. ഫണ്ടിൽ നിന്നും നൽകാമെന്നുള്ള വാഗ്ദാനത്തിന്റെയും അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 32 ഐ. റ്റി. ഐ.കൾ നിലവിലുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഉണ്ട്.

(സി) ട്രേഡുകളുടെ നവീകരണത്തിന്റെ ഭാഗമായി 8 പരമ്പരാഗത ട്രേഡുകൾ നിർത്തലാക്കി പകരം തൊഴിൽ സാദ്ധ്യതയേറിയ 6 ആധുനിക ട്രേഡുകൾ വിവിധ ഐ.റ്റി.ഐ. കളിലായി ആഗസ്റ്റ് 2003 മുതൽ ആരംഭിച്ചു. 17 ഐ.റ്റി.ഐ.കളിലായി

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ സാദ്ധ്യത കുറഞ്ഞ 10 ട്രേഡുകളിലെ യൂണിറ്റുകൾ നിർത്തലാക്കി പകരം 13 ആധുനിക ട്രേഡുകൾ ആഗസ്റ്റ് 2004 മുതൽ ആരംഭിക്കുന്നതിന് അനുമതി നൽകി. കൂടാതെ ആഗസ്റ്റ് 2005 മുതൽ 13 ഐ.ടി.ഐ.കളിലെ 25 യൂണിറ്റുകൾ നിർത്തലാക്കി പകരം ഏറ്റവും പുതിയതും തൊഴിൽ സാധ്യതയുള്ള തുമായ 25 യൂണിറ്റുകൾ തുടങ്ങുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. അതുപോലെ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്, തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ഇപ്പോഴത്തെ കോഴ്സുകളുടെ നവീകരണം സംബന്ധിച്ച്, മൊത്തത്തിൽ വിശദ പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തുകയും, അതനുസരിച്ച് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഡി) ചടയമംഗലം നിയോജകമണ്ഡലത്തിൽ ഇളമാട് പഞ്ചായത്തിൽ പുതിയ ഐ.റ്റി.ഐ. തുടങ്ങുന്നത് സംബന്ധിച്ച് സമർപ്പിച്ച സാധ്യതാ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ് പുതിയ ഐ.റ്റി.ഐ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, യന്ത്രോപകരണങ്ങൾ, തസ്തികകൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന ട്രേഡുകൾ എന്നിവയ്ക്കുവേണ്ടി വരുന്ന ചെലവ് തുടങ്ങിയവ വ്യക്തമാക്കി ഒരു വിശദമായ നിർദ്ദേശം തയ്യാറാക്കാൻ കൊല്ലം ഐ.റ്റി.ഐ. പ്രിൻസിപ്പൽ, കൊല്ലം ആർ.ഐ. സെന്റർ ട്രെയിനിംഗ് ആഫീസർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. അത് ലഭിച്ചാലുടൻ പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ചാത്തന്നൂർ ഗവൺമെന്റ് ഐ.റ്റി.ഐ.-ക്ക് ഭൂമി

32 [1351] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ ഗവൺമെന്റ് ഐ.റ്റി.ഐ.-ക്ക് ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചാത്തന്നൂർ ഗവൺമെന്റ് ഐ.റ്റി.ഐ.-ക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടി ക്രമങ്ങളെല്ലാം കൊല്ലം ജില്ലാ കളക്ടർ പൂർത്തിയാക്കി ബന്ധപ്പെട്ട റിക്കാർഡുകൾ മേൽ നടപടികൾക്കായി ലാന്റ് റവന്യൂ കമ്മീഷണർക്ക് അയച്ചു കൊടുത്തിരുന്നത് സർക്കാരിൽ ലഭിക്കുകയുണ്ടായി. ഐ.റ്റി.ഐ.-ക്ക് വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വിവിധ വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 31 (1350) കാണുക]

ക്രമ നമ്പർ	ജില്ല	ഐ. ടി. ഐ. യുടെ പേര്
(1)	(2)	(3)
1	തിരുവനന്തപുരം	ധനുവച്ചപുരം
2	തിരുവനന്തപുരം	ആര്യനാട്
3	തിരുവനന്തപുരം	ചാക്ക
4	തിരുവനന്തപുരം	കഴക്കൂട്ടം
5	തിരുവനന്തപുരം	ആറ്റിങ്ങൽ
6	കൊല്ലം	കൊല്ലം (ചന്ദനത്തോപ്പ്)
7	കൊല്ലം	കൊല്ലം (വനിത)
8	കൊല്ലം	ചാത്തന്നൂർ
9	പത്തനംതിട്ട	ചെന്നീർക്കര
10	ആലപ്പുഴ	ചെങ്ങന്നൂർ
11	ആലപ്പുഴ	ചെങ്ങന്നൂർ (വനിത)
12	കോട്ടയം	ഏറ്റുമാന്നൂർ
13	കോട്ടയം	വെള്ളിക്കത്തോട്
14	ഇടുക്കി	കട്ടപ്പന
15	എറണാകുളം	കളമശ്ശേരി
16	എറണാകുളം	കളമശ്ശേരി (വനിത)
17	തൃശ്ശൂർ	ചാലക്കുടി
18	തൃശ്ശൂർ	ചാലക്കുടി (വനിത)
19	തൃശ്ശൂർ	മാള
20	പാലക്കാട്	മലമ്പുഴ
21	പാലക്കാട്	മലമ്പുഴ (വനിത)

GPM. 2/567/2012—45

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
22	പാലക്കാട്	കുഴൽമന്ദം
23	മലപ്പുറം	അരീക്കോട്
24	മലപ്പുറം	നിലമ്പൂർ
25	വയനാട്	കൽപ്പറ്റ
26	കോഴിക്കോട്	കോഴിക്കോട്
27	കോഴിക്കോട്	കോഴിക്കോട് (വനിത)
28	കോഴിക്കോട്	കൊയിലാണ്ടി
29	കണ്ണൂർ	കണ്ണൂർ
30	കണ്ണൂർ	കണ്ണൂർ (വനിത)
31	കാസർഗോഡ്	കാസർഗോഡ്
32	കാസർഗോഡ്	കയ്യൂർ

LIBRARY ARCHIVES Kerala Legislative Assembly